# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂതൃക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(ഇ.കെ.എം) പി1-487/2021


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271


ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതൃക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(ഇ.കെ.എം) പി1-487/2021 തീയ്യതി: 29/03/2021

## എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി കവിത എസ്. കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ രാജീവ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിജി അജയകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സാജദ് ഹുസൈൻ | സെക്രട്ടറി | 01-04-2019 | 02-04-2019 |
| ശ്രീ ദീപു ദിവാകരൻ | സെക്രട്ടറി | 03-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോസ് എം പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ ഇന്ദു ആൻ സ്കറിയ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി ലേഖ കെ കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീദേവി എ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുജാത വി എൻ | വി ഇ ഒ പൂതൃക്ക | 01-04-2019 | 16-09-2019 |
| ശ്രീമതി മഞ്ചുഷ കെ എസ് | വി ഇ ഒ പൂതൃക്ക | 17-09-2019 | 18-01-2020 |
| ശ്രീമതി നീതു ജോൺസൺ പി | വി ഇ ഒ പൂതൃക്ക | 19-01-2020 | 31-03-2020 |
| ശ്രീമതി മഞ്ചുഷ കെ എസ് | വി ഇ ഒ വടയമ്പാടി | 01-04-2019 | 19-09-2019 |
| ശ്രീ അഭിലാഷ് എം ബി | വി ഇ ഒ വടയമ്പാടി | 20-09-2019 | 31-03-2020 |
| ശ്രീ സാജദ് ഹുസൈൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-01-2020 |
| ശ്രീമതി ആശ കെ | അസിസ്റ്റന്റ് | 01-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| പി | സെക്രട്ടറി | | |
| ശ്രീമതി ആഷ പോൾ | വെറ്റിനറി സർജൻ | 01-04-2019 | 06-06-2019 |
| ശ്രീമതി ജാൻസി സി കാപ്പൻ | വെറ്റിനറി സർജൻ | 07-06-2019 | 31-03-2020 |
| ഡോ മാത്യു എം ജോസഫ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 09-05-2019 |
| ഡോ. അരുൺ ജേക്കബ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 10-05-2019 | 31-03-2020 |
| ശ്രീമതി ജയ കെ ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. മധുസൂദനൻ സി വി | ഹെഡ്മാസ്റ്റർ, ഗവ. യു പി എസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kavitha S Kannan (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 07-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 07-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 07-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-5 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 07-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 07-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ്<br>Written By: Kavitha S Kannan (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 07-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-10 |
| 12 | കരാറുകാരന് അധിക തുക നൽകി<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-11 |
| 13 | ഹരിത സഹായ സ്ഥാപനത്തിന് പ്രതിഫലം നൽകിയത്-സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-12 |
| 14 | വൃദ്ധർക്ക് കട്ടിൽ - വാങ്ങലിലെ അപാകത<br>Written By: Kavitha S Kannan (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-13 |
| 15 | മരുന്ന് പൂർണമായി ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 1-14 |
| 16 | ആസ്തി സംരക്ഷണം<br>Written By: Kavitha S Kannan (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-15 |
| 17 | ആസ്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കിയില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 16-03-2021) | 1-15-1 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 23-03-2021) | |
| 18 | കാലി വീപ്പയുടെ വിലയ്ക്ക് GST ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1- 16 |
| 19 | നികുതി ഈടാക്കിയതിൽ 1204/- രൂപയുടെ കുറവ്<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-17 |
| 20 | വെള്ളക്കരം- കേരള വാട്ടർ അതോറിറ്റിയ്ക്ക് വൻ തുക നല്കാൻ ബാക്കി നിൽക്കുന്നു.<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-18 |
| 21 | തൊഴിലുറപ്പു പദ്ധതി - സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും വോയ്ഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-19 |
| 22 | GST ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-20 |
| 23 | ജി.എസ്.ടി യിൽ നിന്ന് ഒഴിവാക്കിയ സേവനങ്ങൾക്ക് ജി.എസ്.ടി നല്കി<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-21 |
| 24 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-22 |
| 25 | തൊഴിൽ നികുതി നിർണ്ണയത്തിലെ അപാകത<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-23 |
| 26 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-24 |
| 27 | വാടക ഈടാക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-25 |
| 28 | ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് നികുതികൾ കണക്കാക്കുന്നില്ല.<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-26 |
| 29 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-27 |
| 30 | ആന്റി വൈറസ് സോഫ്റ്റ്വെയർ വാങ്ങുന്നതിന് അധിക തുക നല്കി<br>Written By: Rajeev.R (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-28 |
| | **ഭാഗം 2** | |
| 1 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം നഷ്ടം<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 23-03-2021) | 2-1 |
| | **ഭാഗം 3** | |
| 1 | കരാറുകാരന് തുക അധികം നല്കി<br>Written By: S.Suresh (Audit Officer, On 17-03-2021) | 3-1 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 25-03-2021) | |
| 2 | ആന്റി വൈറസ് സോഫ്റ്റ്‌വെയർ വാങ്ങുന്നതിന് അധിക തുക നല്കി<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 3-2 |
| 3 | തൊഴിലുറപ്പു പദ്ധതി - സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും വോയ്ഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 3-3 |
| 4 | GST ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 3-4 |
| 5 | കാലി വീപ്പയുടെ വിലയ്ക്ക് GST ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 3-5 |
| 6 | നികുതി ഈടാക്കിയതിൽ 1204/- രൂപയുടെ കുറവ്<br>Written By: S.Suresh (Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 3-6 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 12-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 09-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 09-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Kavitha S Kannan (Senior Grade Auditor, On 09-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Kavitha S Kannan (Senior Grade Auditor, On 09-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Kavitha S Kannan (Senior Grade Auditor, On 09-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 09-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Kavitha S Kannan (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 24-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 12-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | Written By: Kavitha S Kannan (Senior Grade Auditor, On 12-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2019-20 വർഷത്തെ ബജറ്റ് 21-02-19 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 4/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| ആദ്യ ബജറ്റ് | 10047807 | 173993500 | 184041307 | 181494910 | 2546397 |
| പുതുക്കിയ ബജറ്റ് | 10147807 | 192335745 | 202483552 | 196613535 | 5870017 |

വാർഷിക കണക്ക് പ്രകാരം പ്രാരംഭബാക്കി (മുന്നിരിപ്പ്) 15757484/- ആണ്. എന്നാൽ പുതുക്കിയ ബജറ്റ് തയ്യാറാക്കിയപ്പോഴും പ്രാരംഭബാക്കി 10147807/- രൂപയെന്നാണ് എടുത്തിട്ടുള്ളത്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 27.05.2020 | - | - |

പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക കണക്കുകൾ സംബന്ധിച്ച പരിശോധനയിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

#### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) കെട്ടിടവാടകയിനത്തിൽ അഡ്വാൻസായി ലഭിച്ച 2590/- രൂപ തൻവർഷത്തെ കളക്ഷനിൽ ഉൾപ്പെടുത്തിയില്ല. തന്മൂലം കെട്ടിടവാടകയിനത്തിൽ അത്രയും തുക പിരിഞ്ഞു കിട്ടാനുള്ളതായി B15 ഷെഡ്യൂളിൽ ( 431400101) കാണുന്നു.

2) താഴെപ്പറയുന്ന ഹെഡുകളിൽ നീക്കിയിരുപ്പായി കാണിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

320100199 - 18,680/-

320300199 - 12,50,000/-

350800299 - 1,508/-

3) പദ്ധതിപൂർത്തീകരണത്തിന് ശേഷം ലക്ഷം വീട്, സമ്പൂർണ്ണ ശുചിത്വം, ഇ എം എസ് എന്നീ പദ്ധതികളിലായി യൂണിയൻ ബാങ്ക്, സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ ബാലൻസുണ്ടായിരുന്ന തുകകൾ (യഥാക്രമം 1206040/-, 4666/-, 121777/-) തൻവർഷം സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട്. എന്നാൽ മേൽ പണമിടപാടുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) വികസന ഫണ്ട് എസ്.സി.പി, സംരക്ഷണഗ്രാന്റ് റോഡ് എന്നീ ഗ്രാന്റിനങ്ങളുമായി ബന്ധപ്പെട്ട് വാർഷികകണക്കുകളിലും ഗ്രാന്റ് വിനിയോഗ പത്രികയിലും രേഖപ്പെടുത്തിയിരിക്കുന്ന ചെലവുതുകകൾ ACR -മായി പൊരുത്തപ്പെടുന്നില്ല.

5)ഇ-ടെണ്ടർ ഫീ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാത്തതിനാൽ ടി ഇനത്തിൽ ഇനിയും കിട്ടേണ്ടുന്ന തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി കാണുന്നില്ല.

6) വസ്തുനികുതി – ഡി.സി.ബി. ഇനങ്ങളിലെ ബാലൻസും ഷെഡ്യൂൾ ബി -15 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല.

7) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

8) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1833756/-)രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15757484/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

9) ബാലൻസ് ഷീറ്റ് B11 ഷെഡ്യൂൾ പ്രകാരം അക്കൗണ്ട് ചെയ്തിട്ടുള്ള മുഴുവൻ ആസ്തികൾക്കും ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

10) 06/03/2020 തീയതിയിലെ 119030105755, 5756 നമ്പർ രസീതുകൾ പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 7500/-രൂപ (2500+5000) വരവുണ്ട്. എന്നാൽ RP 26 പ്രകാരം വരവായി കാണിച്ചിട്ടുള്ളത് 6700/- മാത്രമാണ്.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.6/21, തീയതി 10.03.21) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15757484 |
| വരവ് | 58801138 |
| ആകെ | 74558622 |
| ചെലവ് | 60634894 |
| നീക്കിയിരിപ്പ് | 13923728 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9368600 | 9368600 | 7076074 | 2292526 | 75.5 % വിനിയോഗം. ബാക്കി തുക ലാപ്സായി |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6779000 | 6779000 | 4377891 | 2401109 | 64.6 % വിനിയോഗിച്ച്. ബാക്കി തുക ലാപ്സായി |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 463000 | 463000 | 332500 | 130500 | 71.8 % വിനിയോഗിച്ച്. ബാക്കി തുക ലാപ്സായി |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 30972000 | 30972000 | 14644288 | 16327712 | 47.3 % വിനിയോഗിച്ച്. ബാക്കി തുക ലാപ്സായി |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3251000 | 3251000 | 2248945 | 1002055 | 69.2 % വിനിയോഗിച്ച്. ബാക്കി തുക ലാപ്സായി |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7262790 | 7262790 | 1634471 | 5628319 | 22.5 % വിനിയോഗിച്ച്. ബാക്കി തുക ലാപ്സായി |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടോട്ടൽ സാനിട്ടേഷൻ | 1399700 | - | 1399700 | 542700 | 857000 | |
| ഐ സി ഡി എസ് | 503622 | 2234546 | 2738168 | 1200000 | 1538168 | |
| SAGY Fund | 18680 | - | 18680 | - | 18680 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി | 25000 | - | 25000 | 13150 | 11850 | |
| ബയോഡൈവേഴ്സിറ്റി | 426468 | 14690 | 441258 | 29890 | 411268 | |
| മറ്റ് ഗ്രാന്റ് ( ബഡ്സ് സ്കൂൾ) | 1250000 | | 1250000 | | 1250000 | |
| ലൈഫ് മിഷൻ ഭവനനിധി | 4415 | 196 | 4611 | . | 4611 | |
| ഹഡ്കോ | - | 1687000 | 1687000 | 900000 | 787000 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 246 | 140744462 | 96 | 47387766 | 134 | 16 | 39% |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8520 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2512800 | 427 |
| വിധവാപെൻഷൻ | 3960000 | 693 |
| വാർദ്ധക്യകാലപെൻഷൻ | 6624600 | 1173 |
| വികലാംഗപെൻഷൻ | 1166800 | 205 |
| വിവാഹധനസഹായം | 60000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 241200 | 44 |

## 1-7 തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 33557 | 708164 | 741721 | 740521 | 1200 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10511533 | 10511533 | 10511533 | 0 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46191/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. സേവനങ്ങളുടെ നിരീക്ഷണ സംവിധാനം സൂചിക സോഫ്റ്റ്‌വെയറിലൂടെ നിരീക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്രവൃത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഇൻകുമ്പെൻസി രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, തരം കാണിക്കുന്ന രജിസ്റ്റർ ഇവ എഴുതി സൂക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഔട്ട് ഡോർ കളക്ഷൻ പിരിവിന്റെ കൃത്യതയും ഒടുക്കം സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൃഷിമേഖലയിലെ പുരോഗതിക്കും പ്ലാസ്റ്റിക് നിർമ്മാർജനത്തിനും വളരെ പ്രാധാന്യം ഗ്രാമപഞ്ചായത്ത് നൽകി വരുന്നു.

വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള ഒട്ടുമിക്ക പ്രോജക്ടുകളുടെ ഫയലിലും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. അതിനാൽ പ്രോജക്ടുകളുടെ

നിർവ്വഹണം ഫലപ്രദമായി നടത്തുന്നുണ്ടോയെന്ന് വർക്കിംഗ് ഗ്രൂപ്പ് കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/10/2020 | മാർച്ച് 2020 മുതൽ സെപ്റ്റംബർ 2020 വരെ | 30/10/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/06/2009 | 2004- 05 മുതൽ 2008-09 വരെ | 20/07/2009 |

## 1-11 കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം / പേര് | 109/ 19-20 |
| അടങ്കൽ | 490000 |
| ചെലവ്<br><br>നിർവഹണ ഉദ്യോഗസ്ഥൻ | 299720- തനത് ഫണ്ട്<br>189980- തനത് ഫണ്ട്<br>സെക്രട്ടറി |

പഞ്ചായത്തിൽ സൂക്ഷിക്കുന്ന തെരുവ് വിളക്കുകളുടെ രജിസ്റ്ററിൽ ഇതിനായി ചെലവഴിക്കുന്ന വൈദ്യുതി ബില്ലിന്റെ ഒടുക്കൽ സംബന്ധിച്ച വിവരം മാത്രമാണുള്ളത്. തെരുവ് വിളക്കുകളുടെ വാർഡ്, ഇനം തിരിച്ചുള്ള കണക്കുകളും പോസ്റ്റ് സംബന്ധിച്ച വിവരവും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഇതിനാൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നും അവയുടെ ഇനം തിരിച്ചുള്ള വിവരവും ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

വാർഷിക പരിപാലനത്തിനായി വിളക്കൊന്നിന് 590 രൂപ നിരക്കിലാണ് കരാറുകാരൻ കരാറിലേർപ്പെട്ടിരിക്കുന്നത്. കരാറുകാരൻ രണ്ട് ബില്ലുകളാണ് നൽകിയിട്ടുള്ളത് . 488 വിളക്കുകളുടെ അറ്റകുറ്റ പണികൾ നിർവ്വഹിച്ചതിന് 287920/- രൂപയുടെ ബില്ലും 322 വിളക്കുകളുടെ അറ്റകുറ്റ പണികൾ നിർവ്വഹിച്ചതിന് 189980/- രൂപയുടെ ബില്ലും. എന്നാൽ 488 വിളക്കുകളുടെ അറ്റകുറ്റ പണികൾ നിർവ്വഹിച്ചതിന് 287920/- രൂപയ്ക്ക് പകരം 299720/- രൂപയാണ് ചെക്ക് നമ്പർ 5172/20.11.19 പ്രകാരം കരാറുകാരന് നൽകിയിരിക്കുന്നത്. അധികം നൽകിയ 11800/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-12 ഹരിത സഹായ സ്ഥാപനത്തിന് പ്രതിഫലം നൽകിയത്- സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 264/19 |
| പ്രോജക്ടിന്റെ പേര് | ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കൽ |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ., പൂതൃക്ക |
| അടങ്കൽ | 150000/- (തനത് ഫണ്ട്) |
| ചെലവ് | 88443/-(തനത് ഫണ്ട്) |
| | 1) ചെക്ക്.നം, തീയതി ,തുക<br>TSB 2994568/4.1.20, 18514/- |
| | 2) ചെക്ക്.നം, തീയതി ,തുക<br>TSB 2994579/20.1.20, 23143/- |
| | 3) ചെക്ക്.നം, തീയതി ,തുക<br>TSB 5814302/11.2.20, 19947/- |
| | |

| | |
|---|---|
| | 4) ചെക്ക്.നം, തീയതി ,തുക<br>TSB 5814319/9.3.20, 23143/- |
| | 5) ചെക്ക്.നം, തീയതി ,തുക<br>TSB 5814322/12.3.20, 3696/- |

ഹരിത കേരള മിഷന്റെ ഉപപദ്ധതിയായ ശുചിത്വ മാലിന്യ സംസ്കരണ മിഷന്റെ ഭാഗമായി പഞ്ചായത്തുകളിൽ ഹരിത കർമ സേന രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു (സ.ഉ (സാധാ) നം- 2420/17, 15/2/17). ടി ഉത്തരവ് പ്രകാരം പഞ്ചായത്തുകളിൽ രൂപീകരിക്കപ്പെടുന്ന ഹരിത കർമ്മസേനകളെ സാങ്കേതികമായി പിന്തുണയ്ക്കുന്നതിലേക്ക് ഹരിത കേരള മിഷൻ മുഖേന ഹരിത സഹായ സ്ഥാപനത്തിന്റെ സേവനവും സർക്കാർ ലഭ്യമാക്കിയിരുന്നു. മേൽ സേവനം നൽകുന്നതിലേയ്ക്കായി പൂതൃക്ക പഞ്ചായത്തിൽ നിയോഗിക്കപ്പെട്ടത് Northamps ENV Solution എന്ന സ്ഥാപനമായിരുന്നു. 01.03.2019 ലെ സ.ഉ. (സാധാ) 471/2019/ ത.സ്വ.ഭ.വ. ഉത്തരവിൻ പ്രകാരം ടി സ്ഥാപനത്തിന്റെ നടത്തിപ്പ് തുകയായി പ്രതിമാസം 23143/- രൂപ വീതം നിശ്ചയിക്കുകയും മേൽ വിവരിച്ച പ്രകാരം തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുള്ളതുമാണ്. എന്നാൽ 2420/2017-ാം നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള, ഹരിതസഹായ സ്ഥാപനങ്ങൾ നിറവേറ്റേണ്ടതും താഴെപ്പറയുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നുറപ്പ് വരുത്താതെയാണ് പ്രസ്തുത സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത് (പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ഉണ്ടായിരുന്നില്ല )

1) ഹരിത കർമ സേനക്ക് പരിശീലനം നൽകിയതിന്റെ വിവരങ്ങൾ

2) ആവശ്യകത നിർണയ സർവേ നടത്തിയതിന്റെ റിപ്പോർട്ട്

3) സർവേ വിവരങ്ങൾ സ്ഥാപനതല ശിൽപ്പശാലയിൽ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാലിന്യസംസ്കരണ വിശദാംശ രേഖ

4) ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയ മോണിട്ടറിംഗ് റിപ്പോർട്ട്

ബി) ഹരിത സഹായ സ്ഥാപനവുമായി ധാരണപത്രം ഒപ്പുവയ്ക്കണമെന്നത് ഉത്തരവ് പ്രകാരമുള്ള തദ്ദേശസ്ഥാപനത്തിന്റെ പ്രഥമ ചുമതലയായിരുന്നു (ഖണ്ഡിക-5(3). കരാർ ചമച്ചതിന്റെ രേഖകളും പരിശോധനയിൽ ലഭ്യമായില്ല .

സി) പ്രോജക്ടിന്റെ ആകെ ചെലവായി ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 87943/- രൂപയാണ്. എന്നാൽ തനത് ഫണ്ട് ചെലവ് രേഖകൾ പരിശോധിച്ചതിൽ 88943/- രൂപ ചെലവായതായി കാണുന്നു. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

മേൽ പ്രവർത്തനങ്ങൾ നിറവേറ്റപ്പെട്ടിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച രേഖകളും സൂചിപ്പിച്ചിട്ടുള്ള അപാകതക്ക് വിശദീകരണവും ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയതിന്റെ (നം.8/10.3.2021) അടിസ്ഥാനത്തിൽ കരാറും പ്രസ്തുത സ്ഥാപനത്തിന്റേതായ ഒരു കത്തും (20/03/2020 തീയതിയിൽ പഞ്ചായത്ത് സെക്രട്ടറിക്കയച്ച ഹരിത പൂതൃക്ക മിഷൻ പദ്ധതി റിപ്പോർട്ടെന്ന തലക്കെട്ടോടെയുള്ള കത്ത്) ഹാജരാക്കി. ടി കത്തിൽ ഹരിത കർമസേനക്ക് പരിശീലനം നൽകിയെന്നും, സർവേ നടത്തിയെന്നും സൂചിപ്പിക്കുന്നതല്ലാതെ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല (കരാർ വ്യവസ്ഥ ഖ-4.8, 4.13 ലും മേൽ റിപ്പോർട്ടുകൾ തദ്ദേശസ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്) ആവശ്യപ്പെട്ട രേഖകൾ പൂർണമായി ഹാജരാക്കാത്ത സാഹചര്യത്തിൽ 88943/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 വൃദ്ധർക്ക് കട്ടിൽ - വാങ്ങലിലെ അപാകത

2019-20 വർഷം വയോധികർക്ക് കട്ടിൽ വിതരണം ചെയ്യുന്ന പ്രോജക്ടുകൾ അസിസ്റ്റന്റ് സെക്രട്ടറിയും ഐ സി ഡി എസ് സൂപ്പർവൈസറും ഏറ്റെടുത്ത് നടപ്പാക്കിയിരുന്നു. എന്നാൽ ഒരേ സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ വ്യത്യസ്ത നിരക്കിൽ, വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നാണ് നിർവഹണോദ്യോഗസ്ഥർ വാങ്ങിയിട്ടുള്ളത്. നികുതിയുൾപ്പെടെ യൂണിറ്റ് ഒന്നിന് 4046/-രൂപ നിരക്കിൽ ഐ സി ഡി എസ് സൂപ്പർവൈസർ വാങ്ങിയ കട്ടിൽ 3150/- രൂപ നിരക്കിൽ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് ലഭ്യമായതായി കാണുന്നു. എന്നാൽ സ്പെസിഫിക്കേഷനിലോ ഗുണമേൻമയിലോ പ്രത്യേകിച്ച് ഒന്നും തന്നെ ഐ സി ഡി എസ് സൂപ്പർവൈസർ വാങ്ങിയ കട്ടിലിന് അവകാശപ്പെടാനുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | നം-111/20 | നം-261/20 |
|---|---|---|
| | | |

| | | |
|---|---|---|
| | (60 വയസ് കഴിഞ്ഞ പട്ടികജാതിയിൽപെട്ട വൃദ്ധർക്ക് കട്ടിൽ ) അടങ്കൽ- എസ് സി പി അസിസ്റ്റന്റ് സെക്രട്ടറി (കട്ടിൽ-127എണ്ണം) | (60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ ) അടങ്കൽ- വികസനഫണ്ട്, തനത്ഫണ്ട് ഐ സി ഡി എസ് സൂപ്പർവൈസർ (കട്ടിൽ-126എണ്ണം) |
| കട്ടിലിന്റെ തരം (L-1.98, W-90cm, FL-60cm,BL-50cm ) | മഹാഗണി വുഡൻ കോട്ട് | ഹാർഡ് വുഡ് കോട്ട് |
| വിതരണ സ്ഥാപനം | ജാസ് ഇൻഡസ്ട്രീസ് കോട്ടയം | കേരള സിഡ്കോ എറണാകുളം |
| ജി.എസ്.ടി ഉൾപ്പെടെ യൂണിറ്റ് ഒന്നിന്റെ വില, ഇൻവോയ്സ് വിവരങ്ങൾ | @3150/- Inv.No-J1/004/19-20/20.11.19 | @4046/- 1)Inv.No-218/19-20, 23.12.19 2)Inv.No-219/19-20, 29.10.19 |
| ചെലവ് | 400050/-എസ് സി പി (ബിൽ.നം-8/19-20, 18.1.20) | 509796/- 490000/- വികസനഫണ്ട് ബിൽ.നം-7/19-20,25.2.20 19796/- തനത്ഫണ്ട് ചെക്ക്നം.006523/23.3.20 |

ഇരു പ്രോജക്ടുകളും താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഐ സി ഡി എസ് സൂപ്പർവൈസറുടെ പ്രോജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉളവായതായി കണ്ടു.

വാർഷിക ആവശ്യകത നിർണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സാധനങ്ങളുടെ പേര് വിവരം യഥാർത്ഥ സ്പെസിഫിക്കേഷനോടെ രേഖപ്പെടുത്തി, മത്സരാധിഷ്ഠിത വിലകൾ ലഭിക്കുന്ന തരത്തിൽ ഒരേ സാധനങ്ങളും ഒരേ തരത്തിൽപ്പെട്ടവയും ഒന്നിച്ച് ടെണ്ടർ / ക്വട്ടേഷൻ ചെയ്യേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33 ൽ നിർദേശിക്കുന്നുണ്ട്. ഇപ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് പകരം അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ സമർപ്പിച്ച ഏക ടെണ്ടർ യാതൊരു നെഗോഷ്യയേഷനും കൂടാതെ സ്വീകരിച്ചതായാണ് കാണുന്നത്. അതുകൊണ്ട് തന്നെ മാർഗരേഖ പ്രകാരം അനുവദനീയമായ പരിധിയിൽ കട്ടിലിന്റെ വില പരിമിതപ്പെടുത്തിയാണ് വാങ്ങൽ നടത്തിയതെങ്കിലും കട്ടിൽ വാങ്ങുന്നതിലേക്ക് ഐ സി ഡി എസ് സൂപ്പർവൈസർക്ക് അസിസ്റ്റന്റ് സെക്രട്ടറിയേക്കാൾ കൂടുതൽ പദ്ധതിപ്പണം ചിലവഴിക്കേണ്ടി വന്നിട്ടുണ്ട്. മാത്രമല്ല സിഡ്കോയിൽ നിന്നുള്ള മേൽ വാങ്ങൽ പ്രൊക്വയർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. വാങ്ങൽ അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടേയും പ്രൊക്വയർമെന്റ് കമ്മിറ്റിയുടേയും തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-9/10.3.2021) മറുപടിയായി സിഡ്കോയിൽ നിന്നുള്ള ഇൻവോയ്സ് വാങ്ങിയതിന് ശേഷം കൂടുതൽ വിതരണക്കാരിൽ നിന്നും അന്വേഷണം നടത്തി സാധാരണ മാർക്കറ്റ് നിരക്കുകളേക്കാൾ കുറവാണെന്നുറപ്പാക്കിയതിന് ശേഷമാണ് സപ്ലൈ ഓർഡർ നൽകിയതെന്നും ഗുണമേൻമ നേരിട്ടുറപ്പ് വരുത്തിയിട്ടുണ്ടെന്നും കമ്മിറ്റി അംഗീകാരത്തിന് ഫയൽ സമർപ്പിക്കണമെന്ന കാര്യം അറിയില്ലായിരുന്നുവെന്നും മേൽ അറിവില്ലായ്മ മാപ്പാക്കണമെന്നും അറിയിച്ചു. ഭാവിയിലുള്ള വാങ്ങലുകൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതും പദ്ധതിപ്പണം കൃത്യമായ ആസൂത്രണത്തോടെ ചെലവഴിക്കുവാൻ ജാഗ്രത പുലർത്തേണ്ടതുമാണെന്ന നിർദ്ദേശത്തോടെ മറുപടി അംഗീകരിക്കുന്നു.

## 1-14 മരുന്ന് പൂർണമായി ലഭ്യമായില്ല

| | | |
|---|---|---|
| പ്രോജക്ട് നം | 23/19 | |
| പ്രോജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ | |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | |
| അടങ്കൽ | 650000/- (തനത് ഫണ്ട്) | |
| | 50000/- (വികസന ഫണ്ട്) | |
| ചെലവ് | 631497/- (തനത് ഫണ്ട്) | |
| | 50000/- (വികസന ഫണ്ട്) | |

പാലിയേറ്റീവ് പദ്ധതി നിർവഹണത്തിനായി 631497/- രൂപ മേൽപ്പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 276115/- രൂപ മരുന്നും മറ്റ് ചികിത്സ സാമഗ്രികളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ( KMSCL) നൽകിയിട്ടുള്ളതാണ്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ.നം | പ്രോഫോർമ ഇൻവോയ്സ് നം തീയതി ( KMSCL ) | തുക | അനുവദിച്ച ചെക്ക്.നം തീയതി |
|---|---|---|---|
| 1 | PRF 1212/24.9.19 | 172886/- | TSB 1813368/17.10.19 |
| 2 | PRF 2294/11.11.19 | 103229/- | TSB 2994556/16.12.19 |

മേൽ തുകകൾക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇഷ്യൂ ഷീറ്റും ക്യാഷ് ബില്ലും ഹാജരാക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് ( നം-11/13.3.21 ) മറുപടിയായി ക്രമ നം 1ൽ സൂചിപ്പിച്ചിട്ടുള്ള തുകയിൽ 160348/- രൂപയ്ക്കുള്ള മരുന്നും, ക്രമ നം 2 ൽ സൂചിപ്പിച്ചിട്ടുള്ള തുകയിൽ 98509/- രൂപയ്ക്കുള്ള മരുന്നും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി. അവശേഷിക്കുന്ന തുകയ്ക്കുള്ള (12538+ 4720 = 17258) മരുന്നുകൾ കൂടി ലഭ്യമാവുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് വിധേയമായി 17258/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-15 ആസ്തി സംരക്ഷണം

പഞ്ചായത്തിലെ ആസ്തി സംരക്ഷണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ലായെന്ന് കാണുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ -3 ന് മറുപടി നൽകിയില്ല, തീയതി 08.03.2021)

1.അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2.ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തിയിട്ടില്ല.

3. അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ് മെന്റ് പ്ലാനും തയ്യാറാക്കിയിട്ടില്ല.

4.ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ/വാർഷിക റിവ്യൂ നടത്തിയിട്ടില്ല.

ബി) പരിശോധനയ്ക്ക് ഹാജരാക്കിയ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പൂർണമല്ല. പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകളില്ലാതെയാണ് നിലവിൽ രജിസ്റ്റർ സൂക്ഷിക്കുന്നത്. (ഉദാ-ആസ്തികളുടെ അവസാന മെയിന്റനൻസ് വിവരങ്ങൾ, അവയുടെ നിർമ്മാണ ചെലവ് മുതലായവ)

ആസ്തികൾ പരിപാലിക്കുന്നതിൽ മാന്വൽ പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതും ആവശ്യമായ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-15-1 ആസ്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കിയില്ല

വിവിധ വാർഷിക പദ്ധതികളുടെ ഭാഗമായി സൃഷ്ടിച്ച താഴെ കൊടുത്തിരിക്കുന്ന ആസ്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | ആസ്തിയുടെ പേര് |
|---|---|
| 1 | പാലയ്ക്കാമറ്റം വൃദ്ധ റിക്രിയേഷൻ സെന്റർ |
| 2 | വൃദ്ധറിക്രിയേഷൻ സെന്റർ, കുറിഞ്ഞി. |
| 3 | വനിതാവ്യവസായ യൂണിറ്റ്, മലേക്കുരിശ്. |
| 4 | വനിതാതൊഴിൽ പരിശീലനകേന്ദ്രം, മീമ്പാറ |
| 5 | ചേന്നമോളം കുടിവെള്ളപദ്ധതി. |
| 6 | മിച്ചഭൂമി കുടിവെള്ള പദ്ധതി, മലേക്കുരിശ്. |

സ്റ്റാറ്റസ് റിപ്പോർട്ട് ഖണ്ഡിക 1.1.6 ൽ ഉപയോഗക്ഷമമല്ലാതെ കിടക്കുന്ന കെട്ടിടങ്ങളോ ഭൂമിയോ മറ്റ് ആസ്തികളോ ഇല്ലായെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ

ഉപയോഗപ്പെടുത്താതെയോ ഉപയോഗശൂന്യമായോ ആയവ നിഷ്ക്രിയമായിട്ടില്ലായെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. വിഷയത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 1- 16 കാലി വീപ്പയുടെ വിലയ്ക്ക് GST ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി വീപ്പയുടെ വില 238/- നിരക്കിൽ ഈടാക്കുന്നുണ്ടെങ്കിലും ഇതിന് ബാധകമായ18% GST ഈടാക്കിയിരുന്നില്ല. ജി.എസ്.ടി കുറവു ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് 21246/- രൂപ അധികം നൽകാനിടയായി. കുറവു വന്ന 21246/- തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശത്തിന് ഭാഗം -3-6 കാണുക.

## 1-17 നികുതി ഈടാക്കിയതിൽ 1204/- രൂപയുടെ കുറവ്

ഒരു പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് ആനുപാതികമായാണ് കുറവു വരുത്തേണ്ടത്. താഴെപ്പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും നികുതികൾ ഈടാക്കിയപ്പോൾ കുറവു സംഭവിച്ചു . വിശദാംശം ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രവൃത്തിയുടെ പേര് | പാറേക്കുരിശ് - മുക്കലമാരി റോഡ് റീടാറിംഗ് | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ | | |
| കരാറുകാരൻ | ബേസിൽ എബ്രഹാം | | |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 397433 | | |
| അളവു പുസ്തകം | 584/18-19 | | |
| ബില്ലിൽ നിന്നും പിടിച്ച ഇനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
| IT 1% | 3673 | 3974 | 301 |
| KCWWF 1% | 3673 | 3974 | 301 |
| GST 2% | 7346 | 7948 | 602 |
| ആകെ | | | 1204 |

കുറവു വന്ന 1204/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 വെള്ളക്കരം- കേരള വാട്ടർ അതോറിറ്റിയ്ക്ക് വൻ തുക നല്കാൻ ബാക്കി നിൽക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ 11.03.2020 ലെ ബിൽ നമ്പർ 41459 പ്രകാരം വാട്ടർ ചാർജിനത്തിൽ 7175025/- രൂപയും ഫൈനായി 140740/- രൂപയും ചേർത്ത് ആകെ 7315765/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് 2019-20 വർഷാവസാനം നല്കാൻ ബാക്കി നിൽക്കുന്നു. വൻ തുക കുടിശ്ശിക വരാനുള്ള കാരണം വിശദീകരിച്ചിട്ടില്ല. കുടിശ്ശിക നിവാരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതി - സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും വോയ്ഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചു

2018-19, 2019-20 വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 80mm, 63mm, 50mm സ്റ്റോൺ അഗ്രിഗേറ്റ് സപ്ലൈ ചെയ്ത കരാറുകാരന് തുക അനുവദിച്ചത് സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും വോയ്ഡ്സ് കുറവു ചെയ്യാതെയാണ്. എൽ.എസ്.ജി.ഡി ചീഫ് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ 21-07-14ലെ 01/Circular/ EE/LSGD/14-15 നമ്പർ സർക്കുലർ പ്രകാരം CPWD/ MoRD/MoRTH ഡേറ്റ, സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കുന്ന പ്രവൃത്തികൾക്കുള്ള ഗൈഡ് ലൈൻസ് പ്രകാരം 63mm To 45mm (സ്പെസിഫിക്കേഷൻ 16.3.2 ), 53mm To 22.4 Mm (സ്പെസിഫിക്കേഷൻ 16.3.3) സ്റ്റോൺ അഗ്രിഗേറ്റ് സ്റ്റാക്ക് ചെയ്യുതിന് തുക

അനുവദിക്കുമ്പോൾ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5%വോയ്ഡ്സ് കുറവു ചെയ്തതിനുശേഷമുള്ള അളവിനാണ് തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 80mm, 63mm, 50mm സ്റ്റോൺ വോയ്ഡ്സ് കുറവു ചെയ്യാതെ സപ്ലൈ ചെയ്ത കരാറുകാരന് വോയ്ഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശത്തിന് ഭാഗം കാണുക

അധികം നൽകിയ തുകയുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | കരാറുകാരൻ | അധികം കൈപ്പറ്റിയ തുക |
|---|---|---|
| 1 | ജോർജജ് പി.സി. | 5437 |
| 2 | സണ്ണി വി. പീറ്റർ | 3318 |
| 3 | സണ്ണി വി. പീറ്റർ | 5935 |
| 4 | സണ്ണി വി. പീറ്റർ | 11024 |
